ഉത്തരം

കേരളത്തിലെ എല്ലാ ജില്ലകളിലും ഇക്കൊല്ലം ആഘോഷപരിപാടികൾ നടത്തപ്പെട്ടു. ടൂറിസം വാരാഘോഷപരിപാടികളെക്കുറിച്ച് കേരളത്തിനകത്തും പുറത്തുമുള്ള ഇൻഫർമേഷൻ സെൻററുകൾ വഴിയും ടെലിവിഷൻ, റേഡിയോ പത്രമാസികകൾ തുടങ്ങിയ മാധ്യമങ്ങൾ വഴിയും വേണ്ടത്ര പ്രചാരണം നൽകിയിരുന്നു. അനവധി ടൂറിസ്റ്റുകളെ ആകർഷിച്ച ഇന്ദിരാഗാന്ധി മെമ്മോറിയൽ ഇൻറർനാഷണൽ ബോട്ട് റേസ്, ആറൻമുള ഉതൃട്ടാതി വള്ളംകളി തുടങ്ങിയവ ഇക്കാലത്ത് നടത്തപ്പെട്ടു. കേരളത്തിൻെറ തനതായ എല്ലാ കലാരൂപങ്ങളും ഈ ആഘോഷപരിപാടികളിൽ ഉൾപ്പെടുത്തിയിരുന്നു. ആഘോഷപരിപാടികളുടെ സമാപനം കുറിച്ചുകൊണ്ട് തിരുവനന്തപുരത്തു നടത്തപ്പെട്ട വർണ്ണശബളമായ ഘോഷയാത്രയും അനേകായിരം തദ്ദേശീയരും വിദേശീയരുമായ ടൂറിസ്റ്റുകളെ ആകർഷിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ ടൂറിസ്റ്റ് വാരാഘോഷം

732. [1219] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റ് വാരാഘോഷപരിപാടിയായി ഈ വർഷം പത്തനംതിട്ട ജില്ലയിൽ ചെലവാക്കിയ തുകയെത്ര ;

(ബി) പ്രസ്തുത ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ടൂറിസ്റ്റ് വാരാഘോഷപരിപാടികൾ നടന്നത് ;

(സി) ആറൻമുള വള്ളംകളി ഈ വർഷത്തെ ടൂറിസ്റ്റ് വാരാഘോഷങ്ങളിൽ ഉൾപ്പെടുത്തിയിരുന്നുവോ ;

(ഡി) എങ്കിൽ പ്രസ്തുത വള്ളംകളിക്ക് എന്തു തുക ചെലവായി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒരു ലക്ഷം രൂപ അനുവദിച്ചിരുന്നു.

(ബി) ജില്ലയുടെ ആസ്ഥാനമായ പത്തനംതിട്ടയിലും ആറൻമുളയിൽ പ്രധാനമായും പരിപാടികൾ നടത്തപ്പെട്ടു.

(സി) ഉൾപ്പെടുത്തിയിരുന്നു.

(ഡി) പത്തനംതിട്ട ജില്ലയ്ക്ക് അനുവദിച്ച ഒരുലക്ഷം രൂപയിൽ 50,000 രൂപ പ്രസ്തുത വള്ളം കളിക്കു വേണ്ടിയായിരുന്നു.

തമ്പാനൂരിലെ കെ. ടി. ഡി. സി. യിലെ ടൂറിസ്റ്റ് ഹോട്ടൽ

733. [1221] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് തമ്പാനൂരിൽ കെ. ടി. ഡി. സി. പുതുതായി പണികഴിപ്പിച്ച ടൂറിസ്റ്റ് ഹോട്ടലിലേക്കുള്ള നിയമനം എങ്ങനെയാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നിയമനങ്ങളിൽ ഹരിജന പ്രാതിനിധ്യം ഉറപ്പുവരുത്തുവാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) കെ. ടി. ഡി. സി. യുടെ റിക്രൂട്ടുമെൻറ് റൂൾസ് പ്രകാരം പി. എസ്. സി. മുഖേനയും നേരിട്ടും നിയമനം നടത്തുവാൻവേണ്ടി തസ്തികകളെ വേർതിരിച്ചിട്ടുണ്ട്. നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ചുതന്നെയായിരിക്കും തമ്പാനൂരിലെ ഹോട്ടലിലും നിയമനങ്ങൾ നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള ഗവൺമെൻറുത്തരവുകളും നിർദ്ദേശങ്ങളും അനുസരിച്ച് നിയമനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിന് കോർപ്പറേഷന് ബാദ്ധ്യതയുണ്ട്.

കെ. റ്റി. ഡി. സി. യുടെ തമ്പാനൂരുള്ള കെട്ടിടത്തിൻെറ പണി

734. [1222] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് തമ്പാനൂരിൽ കെ. റ്റി. ഡി. സി. പണിയുന്ന ബഹുനില കെട്ടിടത്തിൻെറ അടങ്കൽ തുക എത്ര ;

(ബി) എത്ര ശതമാനം വർദ്ധനവോടുകൂടിയാണ് കരാർ നൽകിയിട്ടുള്ളതെന്നും കരാറുകാരൻ ആരാണെന്നും വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കെട്ടിടത്തിൻെറ പണി എന്നേയ്ക്ക് തീരും എന്നു പറയാമോ ?

ഉത്തരം

(എ) 225 ലക്ഷം രൂപ.

(ബി) 1980-ലെ പി. ഡബ്ല്യു. ഡി. ഷെഡ്യൂൾ റേറ്റിനേക്കാൾ 79 ശതമാനം കൂടുതൽ. 28-2-1983-നു ശേഷമുള്ള പണികൾക്ക് 65 ശതമാനംകൂടി റേറ്റ് നൽകിയിട്ടുണ്ട്. ശ്രീ. പി. ഐ. ഐസക്, പാലാൽ ഹൗസ്, പുത്തൻകുരിശ്, എറണാകുളം എന്നയാളിനാണ് സിവിൽ വർക്സിൻെറ കോൺട്രാക്ട് നൽകിയിട്ടുള്ളത്. ഇലക്ട്രിക്കൽ വർക്സ്, ഫൈടെൻഷൻ, ലോടെൻഷൻ, പ്ലംബിംഗ് തുടങ്ങിയ മറ്റു ജോലികൾ പ്രത്യേകം ടെൻഡർ ക്ഷണിച്ച് ഓരോ ഏജൻസികളെ ഏൽപ്പിച്ചിരിക്കുകയാണ്.

(സി) 1987 ജനുവരിമാസം അവസാനത്തോടെ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കെ. റ്റി. ഡി. സി. യുടെ ലാഭ-നഷ്ട കണക്ക്

735. [1223] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ കെ. റ്റി. ഡി. സി. യുടെ പ്രവർത്തനം ലാഭമായിരുന്നോ ;

(ബി) ലാഭമായിരുന്നുവെങ്കിൽ ഓരോ വർഷവും നേടിയ ലാഭം എത്ര വീതമാണ് ;

(സി) നഷ്ടത്തിലായിരിന്നുവെങ്കിൽ ഓരോ വർഷവും വരുത്തിയ നഷ്ടം എത്ര വീതം ?

ഉത്തരം

(എ) അല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി)

1982-83	—	65.83	ലക്ഷം രൂപ
1983-84	—	81.80	,,
1984-85	—	58.20	,,
1985-86	—	89.22	,,

(പ്രൊവിഷണൽ)

LIBRARY ARCHIVES Kerala Legislative Assembly